# III മലയരുടെ മുറംകുലുക്കിപ്പാട്ട്, കെതിരുകേറ്റം, പോലിക്കളി

വിജില സി എം

കോയമ്പത്തൂർ ജില്ലയിലെ മലനിരകളിൽ നിന്നും കേരളത്തിലേക്ക് കുടിയേറിയ കൊങ്ങമലയരും കേരളത്തിന്റെ തന്നെ ഭാഗമായിരുന്ന നാട്ടുമലയരും അടക്കം 2011 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം 5917 പേരാണ് നിലവിൽ പട്ടികവർഗ്ഗ മലയ സമുദായത്തിൽ ഉൾപ്പെട്ടിട്ടുള്ള ത്. തൃശ്ശൂർ, പാലക്കാട്, എറണാകുളം വനമേഖലയിലാണ് മലയരുടെ സങ്കേതങ്ങൾ സ്ഥിതി ചെയ്യുന്നത്. അർജുനന് പാശുപതാസ്ത്രം സമ്മാനിക്കാൻ മലവേടവേഷം പൂണ്ട ശിവപാർവ്വതീശ്വരൻമാരുടെ പിൻമുറക്കാരാണെന്നും, കീഴ്ജാതിക്കാരനെ പ്രണയിച്ച കുറ്റത്താൽ ഭ്രഷ്ഠാക്കപ്പെട്ട നായർ സ്ത്രീയുടെ പിൻമുറക്കാരാണെന്നും നാട്ടുമലയർ പാരമ്പര്യത്തെ കുറിച്ച് കരുതുമ്പോൾ, രാവണ സഹോദരി ശൂർപ്പണഖയുടെ പിൻമുറക്കാരാണ് തങ്ങളെന്ന് കൊങ്ങ മലയർ വിശ്വസിക്കുന്നു, (ലൂയിസ്, 1962:173).



ചിത്രം: 27 തൃശ്ശൂർ ജില്ലയിലെ മണിയൻ കിണർ പ്രദേശത്തെ ഒരു പരമ്പരാഗത കൊങ്ങമലയ വീട്[28]

വനവിഭവങ്ങളായ തേൻ, ഇഞ്ച, ഈറ്റ എന്നിവ ശേഖരിക്കലും കാർഷിക വൃത്തിയുമാണ് മലയരുടെ പരമ്പരാഗത തൊഴിലെങ്കിലും കാലത്തിന്റെ മാറ്റം ജീവിതത്തിന്റെ മറ്റെല്ലാ ഭാഗങ്ങളിലെന്നോണം തൊഴിലിലും പ്രതിഫലിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലിന് പുറമെ കൂലിപ്പണിയെടുത്തും സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിയെടുത്തും ചുരുങ്ങിയ ശതമാനം പേർ സർക്കാർ ജോലി ചെയ്തും ഉപജീവനം നടത്തുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും സംഘജീവിതത്തിന്റെ അന്തസ്സത്ത പൂർണ്ണമായും മലയസങ്കേതങ്ങളിൽ നിന്നും അപ്രത്യക്ഷമായിട്ടില്ല.

പ്രകൃതിയുടെ താളത്തിനൊത്തൊഴുകിയിരുന്ന ഗോത്രജീവിതങ്ങൾക്ക് പ്രകൃതി ശക്തിയെ കവച്ചുവെയ്ക്കുന്ന മറ്റൊരാരാധന ഉണ്ടായിരുന്നില്ല. മരിച്ചു തലയ്ക്കുമുകളിൽ നിൽക്കുന്ന പൂർവ്വികരുടെ ആത്മാവും പ്രകൃതിശക്തികളും മറ്റെല്ലാഗോത്രങ്ങളെയും പോലെ മലയനും കൂട്ടായി. കൊണ്ടിച്ചേരി, മലവാഴിമാർ, അച്ഛൻ മുത്തൻ, കാരണവൻമാർ, പേറ്റിക്കാരി, അമിച്ചിമാർ, മുത്യേനിമാർ, ചാഴിമാർ, വനദേവത, മുത്തപ്പൻ, കണ്ഠകർണ്ണൻ, നീലിയമ്മ തുടങ്ങി ഓരോ ഊരിനും സ്വന്തമായ് ദൈവങ്ങളുണ്ടായിരുന്നു. എന്നാൽ ശിവനും പാർവ്വതിയും കൊടുങ്ങല്ലൂരമ്മയുമടക്കമുള്ള ദൈവങ്ങളാൽ കുലദൈവങ്ങൾ ഏറെക്കുറെ വിസ്മരിക്കപ്പെട്ട അവസ്ഥയിലാണ്. ഇങ്ങനെയൊക്കെയാണെങ്കിലും വിശ്വാസം ശ്വാസം പോലെ കളങ്കമറ്റതാണിന്നും മലയർക്ക്.



ചിത്രം: 28 മലവാഴിമാർ, മുത്യേനിമാർ, ചാനിമാർ എന്നിവരെ പ്രതിഷ്ഠിച്ച ദൈവത്തറ[29]

## മുറംകുലുക്കിപ്പാട്ട്

ഗോത്ര വിശ്വാസ പ്രകാരം മരണത്തോടെ ഒരാളുടെ ജീവിതം കഴിയുന്നില്ല. അയാൾ മറ്റൊരു ലോകത്തിലേക്ക് യാത്രയാവുന്നുവെന്ന് മാത്രം. എന്നാൽ ആഗ്രഹിക്കുമ്പോഴെല്ലാം ഭൂമിയിലെ തന്റെ രക്തബന്ധുകളെ കാണുവാനായി ദൈവതുല്യരായ പൂർവ്വികർ ഭൂമിയിൽ വീണ്ടും വീണ്ടും 'സാനിധ്യം' ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.



ചിത്രം: 29 മുറംകുലുക്കിപ്പാട്ട് പാടുന്ന മൂപ്പത്തി[30]

മരണാനന്തരം ശരീരം വിട്ടൊഴിയുന്ന ആത്മാവിനെ ആത്മാക്കളുടെ ലോകത്തിന്റെ ഭാഗമാക്കുക എന്നത് അത്യാവശ്യമാണ്. അല്ലാത്ത പക്ഷം മനുഷ്യ ജീവിതത്തിൽ അവരിടപെടുന്നത് പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടായിരിക്കും. അത് കൊണ്ട് തന്നെ ഓരോ ഗോത്രവും വ്യത്യസ്തങ്ങളായ രീതികളിലാണ് ഈ യാത്രയയപ്പ് നടത്തി വരുന്നത്. മലയർ/കൊങ്ങമലയർ മുറം കുലുക്കിപ്പാട്ടിന്റെ രൂപത്തിലാണ് ഇത് നടത്തുന്നത്.

പതിനാറ് വളയങ്ങൾ (കണ്ണികൾ) ഉള്ള ഒരു ഇരുമ്പുചങ്ങലയും സാധാരണയിലും ചെറിയ ഒരു മുറവുമാണ് മുറംകുലുക്കിപ്പാട്ടിന്റെ പ്രധാന വസ്തുക്കൾ. മുറത്തിലിട്ട ചങ്ങല കുലുക്കി പാട്ടിന് താളം പകരുന്നതിനാലാണ് ഈ കലാരൂപത്തിന് മുറംകുലുക്കിപ്പാട്ടെന്ന് പേരുവന്നത്.




ചിത്രം: 30 പതിനൊന്ന് വളയങ്ങളുള്ള ചങ്ങല[31]



ചിത്രം: 31 മുറം കുലുക്കിപ്പാട്ടിന്റെ മുറവും ചങ്ങലയും[32]

മരിച്ചതിന്റെ പതിനഞ്ചാം ദിവസം അവസരം[34] ചടങ്ങ് നടത്താറുണ്ട്. അവസരത്തിന്റെ അന്ന് വൈകുന്നേരം 'ആണ്ടിമൂടലി'നു ശേഷം 'മുൻപാട്ടുകാരന്റെ' നേതൃത്വത്തിൽ 'പിൻപാട്ടുകാരന്റെ' ഏറ്റുപാടലിന്റെ ആവേശത്തിൽ മുറംകുലുക്കിപ്പാട്ട് മരണപ്പെട്ടയാളെ ഭൂമിയിലേക്ക് കൊണ്ടുവരുന്നു. അതായത് പാട്ടിൽ അയാളുടെ ജനനം മുതൽ മരണം വരെയുള്ള ഗുണങ്ങളും ദോഷങ്ങളും എല്ലാം ഉൾപ്പെടുത്തുകയും പാട്ടിലൂടെ തന്നെ പുതിയൊരു വിവാഹം വരെ നടത്തുകയും ചെയ്യുന്നു. വൈകുന്നേരം ഏഴുമണിയോടടുത്ത് ആരംഭിക്കുന്ന പാട്ട് പിറ്റേന്ന് രാവിലെ ഏഴുമണിയോടടുത്ത് അവസാനിക്കുമ്പോൾ, ആത്മാവ് പുതിയൊരു ലോകത്തിന്റെ ഭാഗമായ് കഴിഞ്ഞിരിക്കും. എന്നാൽ ചിലപ്പൊഴൊക്കെ പ്രേതബാധയും അസുഖങ്ങളായും ആത്മാക്കൾ മനുഷ്യരെ ബാധിക്കുകയും പ്രശ്നങ്ങളുണ്ടാക്കുകയും ചെയ്യുന്നു. ഈ അവസരത്തിൽ പരിഹാരമാർഗ്ഗമെന്നോണവും മുറംകുലുക്കിപ്പാട്ട് നടത്തി വരുന്നുണ്ട്.



ചിത്രം: 32 മലയൻ മൂപ്പനും മൂപ്പത്തിയും[33]

## കെതിരുകേറ്റം

പാലക്കാട് ജില്ലയിലെ മംഗലംഡാം ഭാഗത്തെ വനമേഖലകളിൽ താമസിച്ചു വരുന്ന മലയരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരുത്സവമാണ് കെതിരുകേറ്റം/കതിരുത്സവം. കാർഷികോത്സവമെന്ന നിലയിൽ രേഖപ്പെടുത്തിവയ്ക്കാവുന്ന കെതിരുകേറ്റം, മലയർക്ക് പുറമെ ചെറുമക്കൾ, കവറ, ഈഴവർ തുടങ്ങി നാനാജാതിയിൽപ്പെട്ടവരുടെ പങ്കാളിത്തം കൊണ്ട് ജനകീയമാവുകയും, ഒരു ദേശത്തിന്റെ ഉത്സവം തന്നെയായ് പരിണമിക്കുകയും ചെയ്തിട്ടുണ്ട്.

വനപ്രദേശത്ത് ജീവിച്ചിരുന്നവർക്ക് കരുത്തും തുണയുമായ്, അവിടങ്ങളിൽ കുടികൊള്ളുന്ന അതീന്ദ്രീയ ശക്തികളുണ്ട്. ഓരോ പുതിയ ചുവടുകൾ വയ്ക്കുമ്പോഴും മലയർ മനസ്സറിഞ്ഞ് ആ ശക്തികളെ പ്രാർത്ഥിച്ചു. കാത്തുസംരക്ഷിക്കുന്ന മാത്രയിൽ കാണിക്കയുമായെത്താമെന്ന് വാക്ക് നൽകി. ഇത്തരത്തിൽ വർഷം മുഴുവൻ തങ്ങളെയും കതിരിനെയും കാത്ത കുറുമാലിയമ്മയ്ക്ക് നന്ദിപൂർവ്വം, ഭക്തിപുരസ്സരം കന്നിക്കൊയ്ത്തിലെ നെല്ല് സമർപ്പിക്കുന്ന നാളാണ് കെതിരുകേറ്റം അഥവാ കതിരുത്സവം.

എല്ലാ വർഷവും വൃശ്ചികം ഒന്നോടുകൂടി കുറുമാലിയമ്മയുടെ മൂലസ്ഥാനമായ പന്നിക്കുളമ്പിലെ ഇളയഭഗവതി മന്ദിൽ, ഭഗവതിക്കും പൂർവ്വീകനായ ചെമ്പൻ മൂപ്പനും, കരിങ്കുട്ടി പ്രേതങ്ങൾക്കും പൂജചെയ്ത്, വാദ്യമേളഘോഷത്തോടെയുള്ള ദേശമുണർത്തൽ ചടങ്ങോടെ ഉത്സവത്തിന് തുടക്കം കുറിക്കുകയായി. പിന്നീടുള്ള ഒരു മാസത്തെ

കൂട്ടായപ്രവർത്തനത്തിനൊടുവിൽ, വൃശ്ചികം അവസാനത്തിൽ കുറുമാലിയമ്മയ്ക്ക് കതിരു സമർപ്പിക്കുന്നു.

കെതിരുകേറ്റത്തിന് ഏഴുദിവസം മുമ്പ് കൊടിക്കൂറ അഥവാ കൊടിമരം, ഒടുകൂർ ശിവൻകോവിൽ, പന്നിക്കുളമ്പ് ഇളയഭഗവതി മലയ സങ്കേതം, മംഗലംഡാം, കുറുമാലിക്കാവ് എന്നിവിടങ്ങളിൽ ഭക്തിയോടെ പൂജചെയ്ത് നാട്ടുന്നു. ഇതിനായുള്ള മുള ഏഴ് ദിവസം മുൻപെ മലവാഴിമാർക്ക് പൂജചെയ്ത് കാട്ടിൽ കയറി പുരുഷൻമാർ[35] വെട്ടിയെടുക്കുന്നു. മുള ഉണക്കിയെടുത്ത് ഏഴാം നാൾ പൂജ ചെയ്ത് [36]പട്ട് കെട്ടി കൊടിക്കൂറ നാട്ടുന്നു. കൊടിക്കൂറ നാട്ടിക്കഴിഞ്ഞാൽ ഊരിൽ നിന്നാരും പുറത്ത് പോവില്ല. ആണും പെണ്ണും കുട്ടികളുമടങ്ങുന്നവരുടെ കൂട്ടായ ഉത്തരവാദിത്തമായതിനാലാണ് ആരും മറ്റ് ദേശങ്ങളിലേക്ക് പോവാത്തതെന്ന് കരുതാമെങ്കിലും പുറത്തുപോയാൽ അപകടം സംഭവിക്കുമെന്ന വിശ്വാസം ശക്തമാണ്. അതേ സമയം തന്നെ ഇത്തരം വിശ്വാസം, കുറുമാലിക്കാവിന്റെ മാത്രം പ്രത്യേകതയല്ലെന്ന് കേരളത്തിലെ കാവുകൾ മൊത്തത്തിൽ എടുത്തു നോക്കിയാൽ മനസ്സിലാക്കാനാവും.

കൊടിക്കൂറ നാട്ടിക്കഴിഞ്ഞ് ഏഴാംനാൾ കതിർക്കൂടൊരുക്കാനും വിത്ത് പൊതിയാനും തുടങ്ങുകയായി. പന്നിക്കുളമ്പ് ഇളയ ഭഗവതി മന്ദിൽ സന്ധ്യക്ക് നടക്കുന്ന ദുർഗ്ഗാപൂജക്ക് ശേഷം ഭക്തരൊത്തുകൂടുന്നു. ശേഷം രണ്ട് തേക്കിലയിൽ ഒന്നരനാഴി വിത്തിട്ട് വട്ടത്തിൽ കെട്ടിയെടുക്കുന്നു. അതിനു മുകളിൽ പനയോല ചുറ്റിക്കെട്ടി ബലപ്പെടുത്തിയെടുത്തിയെടുക്കുകയും ചെയ്യും. ഇതിനെയാണ് വിത്ത് പൊതിയൽ എന്നു പറയുന്നത്. നെൽക്കതിരിന്റെ വൈക്കോലുള്ള ഭാഗം വളച്ചു വട്ടത്തിൽ കെട്ടി കുരുത്തോലയോ പനയോലയോ കൊണ്ട് ചുറ്റിക്കെട്ടിയെടുക്കുന്ന രീതിയെ കതിർക്കൂടൊരുക്കൽ എന്നു പറയുന്നു. പ്രായ–ലിംഗഭേദമന്യേ ജനങ്ങൾ ഒരുമിച്ച് നിന്ന് നടത്തുന്ന ഈ ചടങ്ങുകൾ നേരം പുലരും വരെ നീളുകയും കുറുമാലിയമ്മയെ പുകഴ്ത്തിയുള്ള പാട്ടും കതിർപ്പാട്ടും തഥവസരത്തിൽ ക്ഷേത്രാന്തരീക്ഷത്തെ സംഗീത മുഖരിതവും ഭക്തി സാന്ദ്രവുമാക്കുകയും ചെയ്യും. ഇതേ ദിവസം തന്നെ പാണൻമാരുടെ സഹായത്താൽ ഉണ്ടാക്കിയ ‘പൂക്കുടയും’ ‘നെടിയ’കുടയും ഭഗവതി മന്ദിൽ എത്തിക്കുന്നു.



ചിത്രം: 33 കൊടിക്കൂറയെ പൂജചെയ്യുന്ന മൂപ്പൻ[37]



ചിത്രം: 34 നെടിയ കുട[38]



ചിത്രം: 35 പൂക്കുട[39]

വൃശ്ചികം 28 ന് മൂപ്പന്റെ നേതൃത്വത്തിൽ കൂട്ടായ പ്രാർത്ഥനക്ക് ശേഷം തലേദിവസം തയ്യാറാക്കിയ കതിർക്കൂടുകൾ 'പണ്ടാരത്തണ്ട്' അഥവാ കതിർത്തണ്ടിലേക്ക് കയറ്റുന്നു.'കവര'യുടെ മുകളിൽ കയറ്റി വെയ്ക്കുന്ന കതിർത്തണ്ടിന് ദേവിയോളം/ കുറുമാലിയമ്മയോളം പ്രാധാന്യമുണ്ട്. മലയരുടെ മനസ്സിൽ പൂജാരികൂടിയായ മൂപ്പൻ കതിർത്തണ്ട് മഞ്ഞൾവെള്ളം തളിച്ച് ശുദ്ധിയാക്കുകയും കുങ്കുമവും ചന്ദനവും ചാർത്തുകയും ചെയ്യുന്നു. ശേഷമാണ് കതിർക്കൂടും വിത്തുകളും പണ്ടാരത്തണ്ടിലേക്ക് കയറ്റുന്നത്.



ചിത്രം: 36 പണ്ടാരതണ്ടിലേറിയ കതിർക്കൂടുകൾ[40]

മാവിലയും കുരുത്തോലയും ചെമ്പരത്തിപ്പൂവും കൊണ്ടലങ്കരിച്ച പൂക്കുടയും നെടിയകുടയും പണ്ടാരത്തണ്ടും, ചുണ്ണാമ്പും മഞ്ഞളും കലർത്തിയ വെള്ളത്താൽ ഗുരുതി നടത്തി, കൊടി മരപൂജക്ക് ശേഷം, നെടിയകുടയിൽ കുറുമാലിയമ്മയ്ക്കുള്ള പട്ട് കെട്ടി കുറുമാലിക്കാവി ലേക്ക് പാട്ടും നൃത്തവും വാദ്യഘോഷവും കൊണ്ട് ആവേശഭരിത മായ യാത്രയാണ്...അമ്മയെ കാണാൻ പറഞ്ഞ വാക്ക് പാലിക്കാൻ നന്ദി പറയാൻ...കുറുമാലിക്കാവിൽ ആദ്യം കയറ്റുന്നത് പന്നിക്കുളമ്പ് ഭാഗത്തെ മലയരുടെ കതിർക്കൂടാണ്.



ചിത്രം: 37 കുടകളി[41]

## പോലിക്കളി

കല്ല്യാണത്തലേന്ന് ഒത്തുകൂടിയവരുടെ സന്തോഷം നാട്ടുമലയ സങ്കേതങ്ങളിൽ 'പോലിക്കളിയായി' രാത്രികളെ കീഴടക്കി. ആണും പെണ്ണും കുട്ടികളുമടങ്ങുന്ന സംഘം സദ്യയൊരുക്കാനും പന്തലൊരുക്കാനും ഓടിനടക്കുന്ന കല്ല്യാണ വീട്, ആഘോഷത്തിന്റെയും ആനന്ദത്തിന്റെയും പരിപൂർണ്ണതയിലെത്തുന്നത് പോലിക്കളിയോടെയാണ്. കൂട്ടത്തിൽ മുതിർന്നൊരാൾ അലങ്കരിച്ച പന്തലിന്റെ ഒരു ഭാഗത്തിരുന്ന് പാടാൻ ആരംഭിക്കുകയും പിൻ പാട്ടുകാർ ഏറ്റുപാടുകയും ചെയ്യുന്നു.

പോലി പോലികേപോ
പൂപന്തൽ പൊലികേ (2)
ആരെ പൊലിക്കും ഞാൻ ഏവരെ പൊലിക്കും ഞാൻ (2)
ഇന്നാട്ടിലെ നല്ലമ്മേനെ പൊലിക്കും ഞാനെ
നിരത്തിവച്ച നിറവിളക്കും പന്തല് പൊലികാ
തൂക്കിയിട്ട് തുടർവിളക്കും പന്തല് പൊലികാ......
നിരത്തിവച്ച നിറപറ പന്തല് പൊലികാ (2)
താളി താളി ഹേ നമ്മുടെ ചിറ്റം താളി ചെറുതാളി
ചിറ്റം താളി ചെറുതാളി ഉണ്ടെങ്കിൽ
വേലിമേ താളി പടതാളി (2)
താളിയരച്ച കല്ലില് മഞ്ഞളരച്ച നിറം പോലെ (2)
പോലി പോലികേ നമ്മുടെ പൂപന്തൽ പൊലികേ പോ...(2)

അലങ്കരിച്ചു വച്ച പന്തലിന്റെ സൗന്ദര്യം മുഴുവൻ പാടി പുകഴ്ത്തി പാട്ടുകാരൻ അന്തരീക്ഷം സംഗീത സാന്ദ്രമാക്കുമ്പോൾ, പാട്ടിന്റെ താള ത്തോടലിഞ്ഞുചേർന്ന്, വട്ടത്തിൽ നിന്ന്, നൃത്തച്ചുവടുകൾ വെയ് ക്കുന്ന ആണും പെണ്ണും അവരുടെ സന്തോഷവും സമ്മാനിക്കുന്നത് ഒരു പ്രത്യേകതരം അനുഭൂതിയാണ്.



ചിത്രം: 38 പോലിക്കളി[42]